## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) .......... 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) .......... 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) .......... 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) .......... 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) .......... 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) .......... 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) .......... 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) .......... 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) .......... 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) .......... 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) .......... 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) .......... 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) .......... 109.

# ക്രിസ്തുവിൽ നമ്മുടെ ഐക്യം

സഭയാണ് ഭൂമിയിൽ ദൈവത്തിന്റെ കുടുംബം. സേവിക്കുന്ന, പഠിപ്പിക്കുന്ന, ഒരുമിച്ച് ആരാധിക്കുന്ന കുടുംബം. യേശു, നേതാവും വീണ്ടെടുപ്പുകാരനുമായ സഭയെ, രക്ഷയുടെ സുവർത്തമാനം സകലരിലേക്കും എത്തിക്കാനാണ് വിളിച്ചിരിക്കുന്നത്.

സേവൻത് ഡേ അഡ്വന്റിസ്റ്റ് സഭയുടെ അടിസ്ഥാന വിശ്വാസ പ്രമാണം 12-ന്റെ ഒരു ഭാഗം ഇങ്ങനെ പ്രസ്താവിക്കുന്നു-"ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി ഏറ്റുപറയുന്ന വിശ്വാസികളുടെ സമൂഹമാണ് സഭ. പഴയനിയമ കാല ദൈവമക്കളുടെ പിന്തുടർച്ചക്കാരായി നാം ലോകത്തു നിന്നു വിളിക്കപ്പെട്ടിരിക്കുന്നു. ആരാധനയ്ക്കും കൂട്ടായ്മയ്ക്കും തിരുവചനപഠനത്തിനും തിരുവത്താഴ ശുശ്രൂഷയ്ക്കും മാനവ സേവനത്തിനും ലോകമെമ്പാടും സുവിശേഷമറിയിപ്പാനും ആണ് ലോകത്തിൽ നിന്ന് വിളിച്ച് വേർതിരിക്കപ്പെട്ടിരിക്കുന്ന നമ്മൾ ഒത്തൊരുമിക്കുന്നത്." - *സെവൻത് ഡേ അഡ്വന്റിസ്റ്റ് വിശ്വാസങ്ങൾ (ഇഡാഹോ ബോയിസ്:പസഫിക് പ്രസ് പബ്ലിഷിംഗ് അസോസിയേഷൻ, 2005) പേജ് 163.*

സഭ എന്നാൽ എന്ത്? ആരൊക്കെയാണ് സഭയിലുള്ളത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നമ്മുടെ സഭാ നിർവ്വചനത്തിൽ കണ്ടെത്താം.

തീർച്ചയായും, ക്രിസ്തുവിൽ വിശ്വസിക്കുന്ന, ദൈവത്തെ അനുസരിക്കുന്ന, ആരാധനയ്ക്കും ശുശ്രൂഷയ്ക്കും കൂടി വരുന്ന പ്രാദേശിക വിശ്വാസികളുടെ സമൂഹമാണ് സഭ. വീടുകളിലോ വലിയ സഭാ കൂട്ടായ്മകളിലോ അവർക്ക് സമ്മേളിക്കാം (റോമ. 16:10,11). ക്രൈസ്തവർ ഒത്തുചേരുന്ന കെട്ടിടത്തിനും ചിലപ്പോൾ സഭ എന്നർത്ഥമാക്കാറുണ്ട്. എന്നാൽ ഇത് ഒരിക്കലും ശരിയായ നിർവ്വചനമല്ല. സഭ എന്നാൽ മനുഷ്യരാണ്, കെട്ടിടങ്ങളല്ല.

പുതിയ നിയമത്തിൽ ഒരു പ്രത്യേക സ്ഥലത്തെ വിശ്വാസിക്കൂട്ടത്തെ സഭ എന്ന് സൂചിപ്പിച്ചു കാണാം. പൗലോസ് ഗലാത്യ സഭകളെ അഭിസംബോധന ചെയ്തപ്പോൾ അവിടുത്തെ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള പല പ്രാദേശിക കൂട്ടായ്മകളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട് (ഗലാ.1:2; 1 പത്രോ.1:1 കാണുക). ഏതെങ്കിലും പ്രത്യേക സംഘാംഗങ്ങളെയോ വിശ്വാസങ്ങളും പാരമ്പര്യങ്ങളും നിമിത്തം സ്വയം തിരഞ്ഞെടുത്ത പേരിൽ അറിയപ്പെടുന്നവരെയോ സഭ എന്നർത്ഥമാക്കാറുണ്ട്.

എങ്കിലും ഇവയൊക്കെയും അപര്യാപ്തമാണ്. സഭ എന്നാൽ ലോകമെങ്ങുമുള്ള ദൈവജനമാണ്. ക്രിസ്തുവിന് വിവിധ സഭകളിൽ വിശ്വസ്ത അനുയായികളുണ്ടെങ്കിലും (അന്തിമ പോരാട്ടനാളുകളിൽ അവരിൽ പലരും ശേഷിപ്പു സഭയിലെ അംഗങ്ങളാകും - വെളി. 18:1-4), ഈ ത്രൈമാസത്തിൽ നമ്മുടെ, അതായത് സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. ക്രിസ്തുവിലുള്ള ഐക്യം എന്തെന്നും പഠിക്കും.

ക്രിസ്തുവിന്റെ ശരീരത്തിലെ ഏകത്വം എന്ന അടിസ്ഥാന വിശ്വാസപ്രമാണം 14, പറയുന്നു: "സകല രാജ്യം, ഭാഷ, വംശം, ജനം എന്നിവയിൽ നിന്നായി വിളിക്കപ്പെട്ട അനേക അംഗങ്ങളുള്ള ഒരു ശരീരമാണ് സഭ. ക്രിസ്തുവിൽ നാമൊരു പുതു സൃഷ്ടിയാണ്. കുലം, സംസ്ക്കാരം, വിദ്യാഭ്യാസം, രാജ്യം കൂടാതെ ധനിക

-ദരിദ്ര, ഉയർന്ന-താഴ്ന്ന, ആൺ-പെൺ മുതലായ ഉച്ചനീചത്വങ്ങൾ തുടങ്ങിയവ വേർതിരിവാകരുത്. നാമെല്ലാം ക്രിസ്തുവിൽ തുല്യർ. ഒരേ ആത്മാവിനാൽ നമ്മെ തമ്മിലും ക്രിസ്തുവുമായും ആത്മസഖിത്വത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു. പക്ഷപാതമോ വിവേചനമോ കൂടാതെ പരസ്പരം ശുശ്രൂഷിപ്പാനും ശുശ്രൂഷിക്കപ്പെടുവാനുമത്രേ ഒരുമിപ്പിച്ചിരിക്കുന്നത്. നമ്മെ മക്കളായി ദത്തെടുത്ത ദൈവീക ത്രിത്വമാണ് ഈ ഐക്യത്തിന്റെ ഉറവിടം."-*സെവൻത് ഡേ അഡ്വന്റിസ്റ്റ് ബിലീവ്, പേജ് 201.*

ഇന്നലെയും ഇന്നും അന്ത്യകാലത്തോളവും ക്രിസ്തീയ ഐക്യം എന്ന വിഷയത്തിൽ നിരന്തരം വെല്ലുവിളി നേരിടുന്നു സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ. വേദപുസ്തക അടിസ്ഥാനത്തിൽ ഐക്യത്തേക്കുറിച്ച് ചില നിർദ്ദേശങ്ങൾ നൽകുകയാണ് ഈ പാഠ്യപരമ്പരയുടെ ലക്ഷ്യം. ക്രിസ്തുവിൽ ഐക്യം എന്ന ദൈവകൃപയിൽ ജീവിക്കാൻ സഹായിക്കുന്ന അനേകം ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും തിരുവെഴുത്തുകളിൽ നാം കാണുന്നു. നമുക്കു ലഭിച്ച ആ ഐക്യത്തിന്റെ ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും സഭയിൽ എങ്ങനെ പ്രാവർത്തികമാക്കി ജീവിക്കാം എന്നതാണ് ഈ പഠനത്തിന്റെ ശ്രദ്ധാകേന്ദ്രം.

*ഡെന്നിസ് ഫോർടിൻ, മിഷിഗണിലെ ബേറിയൻ സ്പ്രിംഗ്സിലുള്ള ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിലെ സെവൻത് ഡേ അഡ്വന്റിസ്റ്റ് തിയോളജിക്കൽ സെമിനാരി പ്രൊഫസറാണ്. 1994-ൽ തിയോളജിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായി ചേർന്ന ശേഷം 1999-2001 വരെ മാസ്റ്റർ ഓഫ് ഡിവിനിറ്റി പ്രോഗ്രാം ഡയറക്ടർ, 2000-2004 വരെ അസോസിയേറ്റ് ഡീൻ, 2006-ൽ ഡിപാർട്ട്മെന്റ് ഓഫ് തിയോളജി ആൻഡ് ക്രിസ്റ്റ്യൻ ഫിലോസഫിയുടെ അദ്ധ്യക്ഷൻ, 2006-2013 വരെ അതിന്റെ ഡീനും ആയി സേവനം അനുഷ്ടിച്ചിട്ടുണ്ട്.*

****